**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6089 — 20.11.2019-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽപ്പെട്ട ആദിവാസി കോളനികളിലെ പട്ടികവർഗ്ഗക്കാർക്ക് ജനന സർട്ടിഫിക്കറ്റ്, ആധാർകാർഡ്, റേഷൻ കാർഡ് അടക്കമുള്ള രേഖകൾ ലഭ്യമാക്കുന്നതിന് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ചേർന്ന് 2018-ൽ ക്യാമ്പ് സംഘടിപ്പിച്ചിരുന്നെങ്കിലും പങ്കാളിത്ത കുറവ് മൂലം പ്രസ്തുത രേഖകൾ പൂർണ്ണമായും ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിൽ കുട്ടമ്പുഴയിൽ വച്ച് ആധാർ ലഭ്യമാക്കുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുകയും 128 പേർക്ക് ആധാർ കാർഡ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ശേഷിക്കുന്ന പട്ടികവർഗ്ഗക്കാർക്കായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് തുടർ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) | കുഞ്ചിപ്പാറ, തലവച്ചപ്പാറ കോളനികളിലെ പട്ടിക വർഗ്ഗക്കാർക്കായി, ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് കുട്ടമ്പുഴ പഞ്ചായത്തിലെ കല്ലേലിമേട്ടിൽ വച്ച് ആധാർ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇവർക്ക് ജനന സർട്ടിഫിക്കറ്റ് പട്ടിക വർഗ്ഗ പ്രൊമോട്ടർമാർ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | കുട്ടമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവർ മുഖേന അപേക്ഷകൾ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**